യേശുക്രിസ്തുവിനെപ്പോലെ ഒരു മനുഷ്യനും ഒരു പ്രവാചകനും ഒരു വിശുദ്ധനും സ്നേഹിച്ചിട്ടില്ല. അവൻ തന്റെ ശത്രുക്കളായിരുന്ന നമുക്കുവേണ്ടി സ്വയം യാഗമായിത്തീർന്നു. അവൻ ക്രൂശിൽ മരിച്ചു നമ്മുടെ പാപങ്ങൾക്കു പരിഹാരം വരുത്തി. നിത്യ ദണ്ഡനത്തിൽനിന്നും നിത്യവേദനയിൽനിന്നും നമ്മെ രക്ഷിച്ചു. നമ്മുടെ ഒരേ ഒരു പ്രത്യാശ അവന്റെ സ്നേഹം മാത്രമാണ്. നാം ദൈവമക്കളായിത്തീരുമ്പോൾ നമുക്കു എങ്ങനെ പാപത്തിന്റെ ചങ്ങലയിൽ കുടുങ്ങിക്കിടക്കാൻ സാധിക്കും.


യേശു മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേറ്റ് എന്നെന്നേക്കും അവനോടുകൂടി ജീവിക്കുന്നതിനായി മരണത്തിന്റെ അധികാരത്തിൽനിന്നും നമ്മെ മോചിപ്പിച്ചു. നമ്മുടെ പാപങ്ങളുടെ കടം അവൻ തന്റെ സ്വന്തം രക്തം കൊടുത്തു വീട്ടി. അങ്ങനെ നമുക്കുവേണ്ടി ഏറ്റവും വലിയ വില കൊടുക്കുകയുണ്ടായി.

“ദൈവം സ്നേഹം തന്നെ.” ആകയാൽ അത്ര വലിയ വില കൊടുത്തത് അതിശയമല്ല. അത് സീമയറ്റ അവന്റെ സ്നേഹത്തിന്റെ പ്രദർശനം മാത്രമാണ്.

നിങ്ങൾക്ക് എന്തെങ്കിലും ചോദ്യമുണ്ടെങ്കിലോ, കൂടുതൽ വിവരം ആവശ്യമുണ്ടെങ്കിലോ എഴുതുക. നിങ്ങളുടെ കത്തുകൾ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ക്രിസ്തുവിനെക്കുറിച്ചു കൂടുതൽ പഠിക്കുന്നതിനു സഹായകമായ ലഘുലേഖകളിൽ നിങ്ങൾക്കു താത്പര്യമുണ്ടെങ്കിൽ, “**ക്രിസ്തുവിനെക്കുറിച്ചു നിങ്ങൾക്ക് എന്തു തോന്നുന്നു?**” എന്ന ചെറുപുസ്തകം (അബ്ദ് അൽ മശീബ് എഴുതിയത്) നിങ്ങൾക്ക് അയച്ചു തരുന്നതാണ്. പിൻകോഡ് സഹിതം നിങ്ങളുടെയും നിങ്ങളുടെ കൂട്ടുകാരുടെയും മേൽവിലാസം വ്യക്തമായി എഴുതി കാർഡ് പോസ്റ്റ് ചെയ്യുക. എല്ലാ കൂട്ടുകാരോടും കാർഡ് എഴുതാൻ പറയുക. അവർക്കും ഫ്രീ ബുക്ക് അയച്ചു കൊടുക്കാം.

Call of Hope, (NIDA' - AL - RAJA')
P.O. Box 45, Kayamkulam - 690 502

P. P. George & Sons, Angamaly. Ph: 0484-2456719



# ദൈവം സ്നേഹം തന്നെ

പുതുതായി നിർമ്മിക്കപ്പെട്ട ദൂരദർശിനിയിൽക്കൂടി ശൂന്യാകാശത്തിന്റെ സങ്കല്പിക്കാൻ പോലും കഴിയാത്ത അഗാധതയിലേക്കു നോക്കി വാനശാസ്ത്രജ്ഞന്മാർ പല കണ്ടുപിടുത്തങ്ങളും നടത്തിയിട്ടുണ്ട്. നമ്മുടെ ഭൂമിയേക്കാൾ വലിപ്പമുള്ള കോടിക്കണക്കിനു നക്ഷത്രങ്ങളെ അവർ നിരീക്ഷിച്ചു. ഈ നക്ഷത്രങ്ങൾ നിസ്സീമമായ ചക്രവാളത്തിൽ ഓരോന്നായി മാറി മാറി നിലകൊള്ളുന്നു. വളരെ ചെറിയ ഗോളമായ നമ്മുടെ ഭൂമി ആയിരക്കണക്കിനു വർഷങ്ങളായി നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നുവെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. അത് അനന്തമായ ശൂന്യാകാശത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു പന്തുപോലെ കാണപ്പെടുന്നു.

അങ്ങനെയെങ്കിൽ ചക്രവാളത്തിനു എന്തുമാത്രം വലിപ്പമുണ്ട്? അത് എത്ര നാളായി ഇങ്ങനെ സ്ഥിതിചെയ്യുന്നു? എത്ര നാളത്തേക്കു സ്ഥിതി ചെയ്യും? ഇങ്ങനെയുള്ള ചോദ്യങ്ങൾ അനേക ചിന്തകളിലേക്കും ആഴമായ ധ്യാനത്തിലേക്കും

നമ്മെ നയിക്കുന്നു. ഈ അതിബൃഹത്തായ സമുദ്രത്തിലെ ചെറുതുള്ളികൾക്കു സമമാണു നാം. നമ്മുടെ ജീവിതം ക്ഷണഭംഗുരമാണ്. നമ്മുടെ ഭൂമി അനന്തമായ ശൂന്യാകാശത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു ചെറിയ ഗോളവുമാണ്. നാം നമ്മുടെ ലോകത്തിലെ വെറും അണുക്കൾ മാത്രമാണ്; നിമിഷം കൊണ്ടു ഇവിടെനിന്നു പോകുകയും ചെയ്യുന്നു. ദാവീദ് പ്രഖ്യാപിച്ചത്, "മനുഷ്യനെ ഓർക്കാൻ അവൻ എന്തുള്ളു; മനുഷ്യപുത്രനെ സന്ദർശിക്കാൻ അവൻ എന്തുമാത്രം."

ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഇതിന്റെ സത്യാവസ്ഥയെ കൂടുതൽ ഗ്രഹിക്കുവാൻ സാധിക്കുന്നു. വാസ്തവമായി ഈ ഭൂമിയിലെ നമ്മുടെ ജീവിതം വളരെ ഹ്രസ്വമാണ്. ആത്മാർത്ഥമായി നാം നമ്മിലേക്കു തന്നെ നോക്കിയാൽ നമ്മൾ ഒന്നും അല്ലാ എന്നു മനസ്സിലാകും.

ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ ദൈവം നമ്മെപ്പോലെയാണോ ചിന്തിക്കുന്നത് ? പ്രവാചകനായ യെശയ്യാവ് ഇപ്രകാരം എഴുതിയത് ശരിയാണോ? "ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളിലും ദൈവത്തിന്റെ വിചാരങ്ങൾ നമ്മുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശയ്യാവ് 55:9). തീരെ അപ്രധാനമായ ഭൗമികവും ദൃശ്യവുമായ വസ്തുക്കൾക്കാണ് നാം സാധാരണ കൂടുതൽ പ്രാധാന്യം നൽകുന്നത്. ദൈവം നമ്മുടെ സ്ഥിതി ശ്രദ്ധിക്കുന്നുണ്ടോ എന്നു ചോദിക്കുന്നതു ശരിയാണോ? തീർച്ചയായും അതേ. അവൻ നമ്മെ തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചു തന്റെ മറ്റെല്ലാ സൃഷ്ടികൾക്കും മീതെ വച്ചിരിക്കുന്നു.

നാം നമ്മെ സൂക്ഷിക്കുകയും കരുതുകയും ചെയ്യുന്നതിനെക്കാൾ ഉപരിയായി സർവ്വശക്തനായ ദൈവം നമ്മെ സൂക്ഷിക്കുകയും കരുതുകയും ചെയ്യുന്നുണ്ടെന്ന് നാം അറിയുന്നതു കൊള്ളാം. അതു നമ്മെ സന്തോഷിപ്പിക്കുന്നു. ദൈവം നമ്മെ കരുതുകയും തന്റെ കരുണാവലയത്തിൽ നാം എന്നുമായിരിക്കണമെന്നു അവൻ ആഗ്രഹിക്കുകയും ചെയ്യുന്നു. നാം മൂലം ദൈവം സന്തോഷമാവാനാണ്. അവൻ നമ്മെ തന്റെ മക്കളായി അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിനാൽ എല്ലായ്പ്പോഴും അവനിലേക്കു നോക്കണമെന്നും അവൻ ആഗ്രഹിക്കുന്നു.

ഈ സത്യം കൂടുതൽ വ്യക്തമാക്കുന്നതിനു ഒരു സംഭവകഥ ഞാൻ പറയട്ടെ. ഒരു ചെറിയ കുട്ടി വളരെ വിദഗ്ധമായും കരുതലോടെയും ഒരു ചെറിയ കളിത്തോണി ഉണ്ടാക്കി. വലിയ അഭിമാനത്തോടുകൂടി അവൻ അത് അടുത്തുള്ള ഒരു നദിയിലേക്കു കൊണ്ടുപോയി. അതു നദിയിലേക്കു ഇറക്കിവിട്ടു. ഒരു വലിയ കാറ്റുവന്നു ആ തോണിയെ നദിയുടെ ഒഴുക്കിലേക്കു തള്ളിവിട്ടു. അവന് ആ തോണി നഷ്ടപ്പെട്ടതിനാൽ എന്തുമാത്രം ദുഃഖമുണ്ടായിക്കാണുമെന്ന് ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ. അത് വളരെ വില കുറഞ്ഞതും നിസ്സാരവുമായിരുന്നെങ്കിലും അവനത് എന്തുമാത്രം വിലയുള്ളതായിരുന്നു.

കുറെ ദിവസങ്ങൾക്കുശേഷം അവന്റെ ആ നഷ്ടപ്പെട്ട കളിത്തോണി ഒരു കളിപ്പാട്ടക്കടയിലെ അലമാരയിൽ ഇരിക്കുന്നത് അവന്റെ കണ്ണിൽ പെട്ടു. എത്രയും വേഗം അതു തിരികെ കിട്ടണമെന്ന് അവൻ ആഗ്രഹിച്ചു. എന്നാൽ അതിന്റെ വിലയായ രണ്ട് ദിനാർ അവനു വളരെ കൂടുതലായിരുന്നു. എങ്കിലും അത് വാങ്ങുവാൻ തന്നെ അവൻ നിശ്ചയിച്ചു. അവൻ വളരെ അദ്ധ്വാനിച്ച് അതിനുള്ള പണം ഉണ്ടാക്കി. നേരെ കടയിൽച്ചെന്ന് ആ കച്ചവടക്കാരന് പണം കൊടുത്ത് അത് വാങ്ങി. അത് അവന്റെ കയ്യിൽ അടുക്കിപ്പിടിച്ച് സന്തോഷത്തോടെ വീട്ടിലേക്കു പോകുമ്പോൾ ആ കളിത്തോണിയോടായി ഇപ്രകാരം പറഞ്ഞു : "ഞാൻ നിന്നെ ഉണ്ടാക്കി, ഇപ്പോൾ നിന്നെ വിലയ്ക്കു വാങ്ങുക കൂടി ചെയ്തു. അതിനാൽ നീ ഇപ്പോൾ ഇരട്ടിയായി എന്റേതായിരിക്കുന്നു."

ഇതുപോലെ ദൈവം നമ്മെ സൃഷ്ടിച്ചു, പിന്നീട് അവൻ നമ്മെ വിലയ്ക്കു വാങ്ങിക്കുകയും ചെയ്തു. ബൈബിൾ പറയുന്നു, "ദൈവം തന്റെ സ്നേഹം പ്രദർശിപ്പിച്ചത് മനുഷ്യരൂപിയായി വന്നു നമ്മെ രക്ഷിച്ചുകൊണ്ടാണ്." ഇതെങ്ങനെ സംഭവിച്ചു എന്നു നിങ്ങൾക്കു ചോദിക്കാം. അതിനെക്കുറിച്ചു ചർച്ച ചെയ്യാം. ഒരുപക്ഷേ ഇത് നിരസിക്കുകയും ചെയ്യാം. എന്നാൽ നാം ദൈവത്തിൽ വിശ്വസിക്കുന്നുവെങ്കിൽ ഇതെല്ലാം അവനു ചെയ്യാൻ കഴിയും എന്നു മനസ്സിലാക്കാം. അവൻ യേശുക്രിസ്തു എന്ന വ്യക്തിയായി നമ്മുടെ അടുത്തേക്കു വന്നു. ക്രൂശിക്കപ്പെട്ട രക്ഷകനായ ക്രിസ്തുവിന്റെ സ്നേഹവും കരുതലും ഇതു തെളിയിക്കുന്നു.